**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **12-02-2025 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അദ്ധ്യാപക നിയമനത്തിന് കെ-ടെറ്റ് നിർബന്ധമാക്കിയത് ഏതുവർഷം മുതലാണെന്ന് വ്യക്തമാക്കാമോ; | (എ) | 20-07-2011 ന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള പി.എസ്.സി വിജ്ഞാപന പ്രകാരം നിയമിതരായ സർക്കാർ സ്കൂളിലെ അധ്യാപകർക്കും, 01-06-2012 മുതൽ നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും നിശ്ചിത കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. |
| (ബി) | എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം ലഭിക്കുകയും കെ-ടെറ്റ് പാസാകാത്തതിനാൽ ഇൻക്രിമെന്റ് തടയുകയും ചെയ്യപ്പെട്ടവർക്ക് പിന്നീട് പരീക്ഷ പാസ്സാകുന്ന മുറയ്ക്ക് സർവ്വീസിൽ പ്രവേശിച്ച കാലം മുതലുള്ള ആനുകൂല്യങ്ങൾ ലഭിക്കുമോ; വിശദമാക്കാമോ? | (ബി) | 20-07-2011 ന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള പി.എസ്.സി വിജ്ഞാപന പ്രകാരം കെ.ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായ സർക്കാർ സ്കൂൾ അധ്യാപകർക്കും 01-06-2012 മുതൽ 2019-20 അധ്യയന വർഷം വരെ കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമിതരായ എയ്ഡഡ് സ്കൂൾ അധ്യാപകർക്കും പ്രത്യേക പരീക്ഷയുടെ (2025 മെയ് മാസം നിശ്ചയിച്ചിട്ടുള്ള പരീക്ഷ) ഫലപ്രഖ്യാപന തീയതിയ്ക്കുള്ളിൽ നിശ്ചിത കെ.ടെറ്റ് യോഗ്യത നേടുന്ന പക്ഷം സർവ്വീസിൽ പ്രവേശിച്ച കാലം മുതലുള്ള ആനുകൂല്യങ്ങൾ നൽകുവാൻ സ.ഉ.(കൈ) 133/2024/പൊ.വി.വ തീയതി 05-11-2024 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ